## 1097

ജയിക്കുമേ! സുവിശേഷം ലോകം- ജയിക്കുമേ!
പേയുടെ ശക്തികൾ നശിക്കുമേ സകല ലോകരും
യേശുവിൻ നാമത്തിൽ വണങ്ങുമേ തലകുനിക്കുമേ
അതു ബഹു സന്തോഷമേ

1 കൂടുവിൻ-സഭകളേ! വന്നു പാടുവിൻ-യേശുവിൻ കീർത്തികൊണ്ടാടുവിൻ
സുവിശേഷം ചൊല്ലാൻ ഓടുവിൻ നിദ്രവിട്ടുണർന്നിടുവിൻ
മനം ഒത്തെല്ലാരും നിന്നിടുവിൻ വേഗം-

2 ഇടിക്കണം, പേയിൻ കോട്ട നാം ഇടിക്കണം-ജാതിഭേദങ്ങൾ
മുടിക്കണം, സ്നേഹത്തിൻ കൊടി പിടിക്കണം യേശു രാജന്റെ
സുവിശേഷക്കൊടി ഘോഷത്തോടുയർത്തിടേണം വേഗം-

3 മരിച്ചു താൻ, നമുക്കു മോക്ഷത്തെ വരുത്തി താൻ
വെളിച്ചമാർഗ്ഗത്തിൽ ഇരുത്തി താൻ-എളിയകൂട്ടരെ ഉയർത്തി താൻ,
യേശദേവന്റെ രക്ഷയിൻ കൊടി ഘോഷത്തോടുയർത്തിടേണം നമ്മൾ-

4 ചെലവിടിൻ സുഖം ബലത്തെയും ചെലവിടിൻ
ബുദ്ധിജ്ഞാനത്തെയും ചെലവിടിൻ വസ്തുസമ്പത്തുകൾ
ചെലവിടിൻ-യേശുരാജന്റെ മഹിമയിൻ
കൊടി ഏവരും ഉയർത്തിടണം നമ്മൾ-

5 യോഗ്യമേ, ഇതു നമുക്കതി ഭാഗ്യമേ രക്ഷിതാവിന്റെ
വാക്യമേ, സ്വർഗ്ഗലോകരോടൈക്യമേ
യേശുരാജ്യ പ്രസിദ്ധിക്കായി നാം ഏവരും പ്രയത്നിച്ചിടണം- **M.V.**